**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1180** **04-07-2022 - ൽ മറുപടിയ്ക്ക്**

**മണിയൂർ വില്ല്യാപ്പള്ളി ഐ.ടി.ഐ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മണിയൂർ വില്ല്യാപ്പള്ളി ഐ.ടി.ഐ. കെട്ടിടങ്ങളുടെ ഇലക്ട്രിക്കൽ എസ്റ്റിമേറ്റിനു സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | മണിയൂർ ഐ.ടി.ഐ-യുടെ ഇലക്ട്രിക്കൽ എസ്റ്റിമേറ്റിനു സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. വില്ല്യാപ്പള്ളി ഐ.ടി.ഐ-യുടെ സാങ്കേതികാനുമതിക്കുള്ള ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് പരിശോധനയിലാണ്. |
| (ബി) | സിവിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പൂർത്തിയായതിനുശേഷം ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 26.02.2020-ലെ സ.ഉ(കൈ) നം.27/2020/പൊ.മ.വ പ്രകാരം കോമ്പോസിറ്റ് ടെണ്ടർ ഇംപ്ലിമെന്റ് ചെയ്യുകയും, 05.02.2021 ലെ സ.ഉ(കൈ)നം.9/2021/പൊ.മ.വ പ്രകാരം കോമ്പോസിറ്റ് ടെണ്ടർ രീതിയിൽ ടെണ്ടർ നടപടികൾ നടത്തുന്നത് സംബന്ധിച്ച്വ്യക്തത വരുത്തുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ നിലവിൽ സാങ്കേതികാനുമതി ലഭ്യമാക്കുന്നത് സിവിൽ പ്രവൃത്തികളും അനുബന്ധ പ്രവൃത്തികളും ഉൾപ്പെടെ കോമ്പോസിറ്റ് ടെണ്ടർ രീതിയിലാണ്. |
| (സി) | മണിയൂർ വില്ല്യാപ്പള്ളി ഐ.ടി.ഐ. കെട്ടിടങ്ങൾ എന്നാണ് ടെണ്ടർ ചെയ്യുന്നത് എന്നറിയിക്കാമോ? | (സി) | സിവിൽ ഉൾപ്പെടെ അനുബന്ധ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കിയ ശേഷം കോമ്പോസിറ്റ് ടെണ്ടർ രീതിയിൽ ടെണ്ടർ നടപടികൾ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ